ഫഹ്മീ ഹുവൈദി

# ലബനാനിൽ ആര് ആർക്കെതിരെ?



**അറബ്** ലോകത്ത് നടക്കുന്ന സാംസ്കാരികവും സായുധവുമായ കടന്നാക്രമണങ്ങൾ വേണ്ട രീതിയിൽ ചർച്ച ചെയ്യപ്പെടുന്നില്ല എന്നാണ് മനസ്സിലാവുന്നത്. വൈദേശിക കടന്നാക്രമണമുണ്ടാകുമ്പോഴെല്ലാം പിന്തുണക്കുന്നവരുടെയും ചെറുക്കുന്നവരുടെയും രണ്ടു ഗ്രൂപ്പുകൾ ഉയർന്നുവരാറുണ്ട്. ഏറ്റവുമൊടുവിലത്തെ ലബനാൻ പ്രതിസന്ധിയിൽ വരെ അത് കാണാം. ലോക ചരിത്രം തന്നെ നൽകുന്ന പാഠവും മറ്റൊന്നല്ല. രണ്ടാം ലോകയുദ്ധത്തിൽ നാസികൾ ഫ്രാൻസ് പിടിച്ചടക്കിയപ്പോൾ ഒരു ഫ്രഞ്ച് ജനറൽ നാസികൾക്കൊപ്പം നിന്നു- ഹെൻറി ബീത്താൻ. മറ്റൊരു ജനറൽ ചെറുത്തുനിൽപിന് നേതൃത്വം കൊടുത്തു-ജനറൽ ദീഗോൾ. ബ്രിട്ടീഷ് കൊളോണിയൽ ഭരണകാലത്ത് നൂബാർ പാഷ ഈജിപ്തിലെ പ്രധാനമന്ത്രിയായിരുന്നു- തനി ബ്രിട്ടീഷ് അനുകൂലി. ഭരണവർഗത്തിൽതന്നെ പെടുന്ന മുഹമ്മദ് ശരീഫ് പാഷയാകട്ടെ, ചെറുത്തുനിൽപിന്റെ പ്രതീകവുമായിരുന്നു. പത്രമാധ്യമങ്ങളിലും കാണാം ഈ ചേരിതിരിവ്. അന്നത്തെ ഈജിപ്ഷ്യൻ പത്രമായ *അൽ മുഖത്തം* കൊളോണിയൽ അനുകൂലികളുടേതും *ലിവാഅ്* ചെറുത്തുനിൽപ് പ്രസ്ഥാനക്കാരുടേതും ആയിരുന്നു. കൊളോണിയൽ അനുകൂലി ആര്, വിരുദ്ധൻ ആര് എന്ന് അന്ന് തിരിച്ചറിയാനും വിഷമമുണ്ടായിരുന്നില്ല.

അങ്ങനെയൊരു തരംതിരിവ് ഇല്ലാതാക്കാനാണ് ഇന്ന് അമേരിക്കൻ ഭരണകൂടത്തിന്റെ ശ്രമം. തങ്ങളെ അനുകൂലിക്കുന്നവരെ മിതവാദികളായും സമാധാനപ്രിയരായും, എതിർക്കുന്നവരെ ഭീകരവാദികളായും തീവ്രവാദികളായും ചിത്രീകരിക്കുന്നു. ഇവിടെയും മുമ്പത്തെപ്പോലെ തരംതിരിക്കാൻ പ്രയാസമൊന്നും അനുഭവപ്പെടുന്നില്ല. അമേരിക്കൻ-യൂറോപ്യൻതാൽപര്യങ്ങൾക്കൊത്ത് നീങ്ങുന്നവരാണ് അനുകൂലികളുടെ സംഘം. പാശ്ചാത്യ മേധാവിത്വത്തെ അംഗീകരിക്കാത്തവർ ചെറുത്തുനിൽപ് പക്ഷവും. അപ്പോൾ ചെറുത്തുനിൽപാണ് ഒരു കക്ഷിയുടെയോ രാഷ്ട്രത്തിന്റെയോ പക്ഷം തീരുമാനിക്കുന്നത്. യഥാർഥ സംഘട്ടനം രൂപപ്പെടുന്നതും ഇതിനെ കേന്ദ്രീകരിച്ചുതന്നെ.

ഫലസ്ത്വീൻ പ്രശ്നമെടുക്കാം. അവിടെ യഥാർഥ സംഘട്ടനം ഹമാസും ഫത്ഹും തമ്മിലല്ല. ഫലസ്ത്വീൻ പ്രശ്നത്തിൽ സ്വീകരിക്കപ്പെടുന്ന രണ്ട് നിലപാടുകൾ തമ്മിലാണ്. ഇതുതന്നെയാണ് ലബനാനിലും അടിസ്ഥാന പ്രശ്നം. ഹിസ്ബുല്ലയും മുസ്തഖ്ബൽ എന്ന മുന്നണിക്കൂട്ടായ്മയും തമ്മിലല്ല അവിടെ സംഘട്ടനം. അമേരിക്കൻ, യൂറോപ്യൻ, ഇസ്രയേലീ അനുകൂലികളും, ആ അധിനിവേശ ശാക്തിക ചേരിയെ ചെറുക്കുന്നവരും തമ്മിലാണ്. ഹിസ്ബുല്ല ആയുധം കൈവശം വെക്കുന്നതിലല്ല അവർക്ക് പ്രശ്നം. ആ ആയുധം ചെറുത്തുനിൽപിന് ഉപയോഗിക്കുന്നതിലാണ്. ആയുധങ്ങൾ മറ്റെന്തെങ്കിലും കാര്യത്തിനാണ് ഉപയോഗിച്ചിരുന്നതെങ്കിൽ അതൊരു പ്രശ്നമേ ആകുമായിരുന്നില്ല. ലബനാനിൽ സമീർ ജഅ്ജഅ് നേതൃത്വം നൽകുന്ന 'ലബനീസ് സേനകൾ'ക്കും മുസ്തഖ്ബൽ മുന്നണിയുടെ വരുതിയിലുള്ള മിലീഷ്യകൾക്കും ആയുധത്തിന്റെ കുറവൊന്നുമില്ല. അത് പ്രശ്നമാവാത്തത് ആ ആയുധങ്ങൾ ചെറുത്തുനിൽപിന് ഉപയോഗിക്കുന്നില്ല എന്നതുകൊണ്ടാണ്.

**ഹിസ്ബുല്ല ആയുധം കൈവശം വെക്കുന്നതിലല്ല അവർക്ക് പ്രശ്നം. ആ ആയുധം ചെറുത്തുനിൽപിന് ഉപയോഗിക്കുന്നതിലാണ്. ആയുധങ്ങൾ മറ്റെന്തെങ്കിലും കാര്യത്തിനാണ് ഉപയോഗിച്ചിരുന്നതെങ്കിൽ അതൊരു പ്രശ്നമേ ആകുമായിരുന്നില്ല. ലബനാനിൽ സമീർ ജഅ്ജഅ് നേതൃത്വം നൽകുന്ന 'ലബനീസ് സേനകൾ'ക്കും മുസ്തഖ്ബൽ മുന്നണിയുടെ വരുതിയിലുള്ള മിലീഷ്യകൾക്കും ആയുധത്തിന്റെ കുറവൊന്നുമില്ല. അത് പ്രശ്നമാവാത്തത് ആ ആയുധങ്ങൾ ചെറുത്തുനിൽപിന് ഉപയോഗിക്കുന്നില്ല എന്നതുകൊണ്ടാണ്.**

സംഘട്ടനത്തിന്റെ മർമപ്രധാന കാരണം ചെറുത്തുനിൽപാകുമ്പോൾ, സായുധ നീക്കമില്ലെങ്കിലും അധിനിവേശകർ അത് പ്രശ്നമാക്കും. സിറിയയുടെ കാര്യത്തിൽ സംഭവിക്കുന്നത് ഉദാഹരണം. മധ്യപൗരസ്ത്യ ദേശത്ത് കൊളോണിയൽ വിരുദ്ധ സ്വാതന്ത്ര്യ പോരാട്ടങ്ങൾ നടന്നിരുന്ന തൊള്ളായിരത്തി അമ്പതുകളിലും അറുപതുകളിലും ശത്രുവാരെന്ന് കൃത്യമായി നിർണയിക്കാനാവുമായിരുന്നു. 'ഗവേഷണം' ചെയ്ത് കണ്ടുപിടിക്കേണ്ട ഗതികേടുണ്ടായിരുന്നില്ല. ജമാൽ

അബ്ദുന്നാസിർ ഈജിപ്ത് ഭരിക്കുമ്പോൾ, ചെറുത്തുനിൽപായിരുന്നു വിദേശനയത്തിന്റെ കാതൽ. പാശ്ചാത്യ മേധാവിത്വത്തിനെതിരെയുള്ള ഈ നിലപാട് ഇതര അറബ് നാടുകളെയും നന്നായി സ്വാധീനിച്ചു. ഫലസ്തീൻ പ്രശ്നത്തിൽ അന്ന് നിലപാട് വളരെ സുവ്യക്തമായിരുന്നു. ബഗ്ദാദ് സഖ്യം പോലുള്ള ദുർബല കൂട്ടായ്മകളേ സാമ്രാജ്യത്വ അനുകൂലികളുടേതായി ഉണ്ടായിരുന്നുള്ളൂ. എന്നാൽ അൻവർ സാദാത്ത് ഭരണമേറ്റതോടെ ചിത്രം പാടെ മാറി. വിദേശനയം അമേരിക്കക്ക് അനുകൂലമായി തകിടം മറിഞ്ഞു. ഏതൊരു നിലപാടിലും സംശയങ്ങളും അവ്യക്തകളും നിറഞ്ഞു. ഇതിന്റെ സ്വാഭാവിക പ്രതികരണം അറബ്ലോകത്തും ഉണ്ടായി. ഏതൊരു വിഷയത്തിലും തന്ത്രപരമായ കൂട്ടായ നിലപാട് എടുക്കാൻ അറബ് രാഷ്ട്രങ്ങൾക്ക് സാധിക്കാതെയായി.

ശത്രുവാര്, മിത്രമാര് എന്ന് ഒരാൾക്കും ഉറപ്പിച്ചു പറയാനാവുന്നില്ല. ഇസ്രയേലല്ല, ഇറാനാണ് മുഖ്യ ശത്രു എന്നുവരെ ചിലർ പറഞ്ഞുനടക്കുന്നു. സമൂഹത്തിന്റെ നിലനിൽപിനെ ബാധിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ വരെ ഗവേഷണ വിഷയങ്ങളായി എന്നതാണ് ഇതുകൊണ്ടുണ്ടായ ദുരന്തം. അമേരിക്കൻ വിധേയത്വമാവാമോ, ഇസ്രയേലിനോട് സന്ധി ചെയ്യാമോ എന്നു ചോദിച്ചാൽ അങ്ങനെയും ആവാം എന്ന 'മറുവീക്ഷണം' രൂപപ്പെട്ടു. ഒരു കാലത്ത് ആത്മാഭിമാനത്തിന്റെ മുഖമുദ്രയായിരുന്ന മുഖാവമ (ചെറുത്തുനിൽപ്) എന്ന പ്രയോഗത്തെപ്പോലും വികൃതമാക്കി ചിത്രീകരിച്ചു. അത് നടത്തുന്നവർ സംശയിക്കപ്പെടേണ്ടവരും രാഷ്ട്രീയ പ്രവർത്തനത്തിന് അയോഗ്യരുമാണെന്ന നിലവന്നു. അമേരിക്കൻ വിധേയത്വമാണ് നടപ്പുരീതി, ചെറുത്തുനിൽപ് അപവാദമാണ് എന്നിടം വരെ എത്തി കാര്യങ്ങൾ. ഭരണകർത്താക്കളിൽ മാത്രമല്ല, സാംസ്കാരിക പ്രവർത്തകരിലും ഈ തകിടംമറിച്ചിൽ നാം കാണുന്നു.

** ** **

ലബനാനിലെ ഒടുവിലത്തെ സംഭവങ്ങളിൽ ഈ തകിടംമറിച്ചിൽ വളരെ പ്രകടമാണ്. ദോഹാ കരാറിനുശേഷം രാഷ്ട്രീയ കക്ഷികൾ തമ്മിൽ വെടിനിർത്തി സമാധാനാന്തരീക്ഷം കൈവന്നിരുന്നു. എന്നാൽ സാംസ്കാരിക പ്രവർത്തകർ സകല മാധ്യമങ്ങളുമുപയോഗിച്ച് യുദ്ധം തുടരുകയായിരുന്നു. സാമ്രാജ്യത്വ അനുകൂലികൾക്ക് അനുകൂലമായിരുന്നു അവരുടെ യുദ്ധങ്ങൾ. എതിർകക്ഷിയെ തകർക്കാനും കരിവാരിത്തേക്കാനും സകല അടവുകളും അവർ പയറ്റി. പ്രതിപക്ഷ ബഹുമാനമോ മാന്യതയോ ഇല്ലാത്ത ഭാഷയിലായിരുന്നു അവരുടെ പ്രചാരണങ്ങൾ.

ലബനാൻ ജനാധിപത്യ രാഷ്ട്രമാണ്. ഏതു കക്ഷിക്കും അവിടെ ഭരണത്തിലും പാർലമെന്റിലും രാഷ്ട്രീയ പങ്കാളിത്തത്തിന് അവസരമുണ്ട്. എന്നാൽ ഈ നിയമാനുസൃത ഘടനയിൽ നിന്ന് പുറത്തുകടന്ന് ഹിസ്ബുല്ല ഒരു സായുധ സംഘമായി മാറി മറ്റൊരു സമാന്തര രാഷ്ട്രം ഉണ്ടാക്കുകയാണ്. അതിന് തെളിവാണ് അവർ സൈനിക അട്ടിമറിക്ക് ശ്രമിച്ചതും ബൈറൂത്തിനെ ആക്രമിച്ചതും. ആക്രമണത്തിനിടെ ഹിസ്ബുല്ല റഅ്യ്, അൽഅമലുൽ അഹ്ലി എന്നിവയുടെ സ്ഥാപനങ്ങൾ തീയിടുകയും ചെയ്തു. ഇതാണ് അമേരിക്കൻ അനുകൂലികൾ നടത്തുന്ന പ്രചാരണത്തിന്റെ ഒരു മാതൃക.

ഈ പ്രചാരണം അടിമുടി അവാസ്തവങ്ങൾ നിറഞ്ഞതാണ്. ആദ്യമായി ലബനാനിലെ 'ജനാധിപത്യ'ത്തെക്കുറിച്ച് പറയാം. യഥാർഥത്തിൽ അങ്ങനെയൊന്നില്ല. ലബനാനിലെ ഭരണം ഒരു നീക്കുപോക്കിന്റെ അടിസ്ഥാനത്തിലുള്ളതാണ്. അത് ജനാധിപത്യപരമേ അല്ല. ഈ നീക്കുപോക്ക് പ്രകാരം, രാഷ്ട്രത്തിന്റെ പ്രസിഡന്റ് ഒരു മറോനൈറ്റ് ക്രിസ്ത്യാനിയായിരിക്കണം, പ്രധാനമന്ത്രി സുന്നിയും പാർലമെന്റ് സ്പീക്കർ ശീഈയുമായിരിക്കണം. ഇതെങ്ങനെ ജനാധിപത്യമാവും? ലബനാനിൽ ഭരണകൂടത്തേക്കാൾ പ്രബലമാണ് പൊതുസമൂഹം. അവർ കഴിഞ്ഞ രണ്ടു വർഷമായി നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് അമീൽ ലഹൂദിനെ ബഹിഷ്കരിക്കുകയായിരുന്നു. നിയമാനുസൃത ഘടനക്കെതിരെയുള്ള കൈയേറ്റമായി ആ ബഹിഷ്കരണത്തെ ആരും കണ്ടില്ലെന്നു മാത്രമല്ല, എല്ലാവരും അതിനെ സ്വാഗതം ചെയ്യുകയും ചെയ്തു. ഹിസ്ബുല്ല മാത്രമാണ് സായുധ സംഘം എന്നത് മറ്റൊരു നുണ. എല്ലാ കക്ഷികളും -മൊത്തം ലബനാനികൾതന്നെ- സായുധരാണ് എന്നതാണ് സത്യം. കഴിഞ്ഞ പതിനാല് വർഷം അവിടെ ആഭ്യന്തര യുദ്ധമായിരുന്നല്ലോ. ഹിസ്ബുല്ലക്ക് പിടിക്കാത്ത തീരുമാനം മന്ത്രിസഭ എടുത്തപ്പോൾ അവർ ബൈറൂത്ത് ആക്രമിച്ചു, സൈനിക അട്ടിമറിക്ക് ശ്രമിച്ചു എന്ന് പറയുന്നതിലും സത്യമില്ല. മന്ത്രിസഭ തീരുമാനമെടുത്തു എന്നത് ശരി, പക്ഷേ അത് ഹിസ്ബുല്ലയെ തകർക്കാനുള്ള രഹസ്യ തീരുമാനമായിരുന്നു. ഇതിനുവേണ്ടി അൽ മുസ്തഖ്ബൽ മിലീഷ്യ അറുനൂറോളം വരുന്ന സായുധ സംഘത്തെ പ്രത്യേക പരിശീലനം നൽകി ഒരുക്കിനിർത്തുകയും ചെയ്തിരുന്നു. മധ്യധരണ്യാഴിയിൽ അമേരിക്കൻ പടക്കപ്പലുകൾ അതിനൊത്ത് ചില നീക്കങ്ങൾ നടത്തുകയും ചെയ്തു. വിവരം ഹിസ്ബുല്ലക്ക് എങ്ങനെയോ ചോർന്നു കിട്ടി.

ഈ നീക്കം അലസിപ്പിക്കാനായിരുന്നു ഹിസ്ബുല്ലയുടെ സായുധ നീക്കം. അത് സൈനിക അട്ടിമറിക്കുള്ള ശ്രമമായിരുന്നു എന്നു പറയുന്നത് കള്ളമാണ്. ഭരണകൂടത്തിന് യാതൊരു പോറലും ഹിസ്ബുല്ല ഏൽപിച്ചിട്ടില്ല. തങ്ങൾക്കുനേരെ ചാടിവീഴാൻ നിലയുറപ്പിച്ചവരെ തുരത്തിയ ശേഷം ബൈറൂത്ത് നഗരത്തിന്റെ ഭരണം സൈന്യത്തെ ഏൽപിച്ച് ഹിസ്ബുല്ല പിൻവാങ്ങുകയാണുണ്ടായത്. ചില കക്ഷികളുടെ സ്ഥാപനങ്ങൾ ചുട്ടുകരിച്ചത് ആരാണെന്നത് ഇപ്പോഴും വ്യക്തമല്ല. സിറിയയെ അനുകൂലിക്കുന്നവരാണ് അത് ചെയ്തത് എന്ന വാദം സ്ഥിരീകരിക്കുന്ന തെളിവുകളാണ് കൂടുതലുള്ളത്.

ഇങ്ങനെ സാമ്രാജ്യത്വ അനുകൂലികളുടെ ഒരു വലിയ പ്ലാറ്റ്ഫോം തന്നെ രൂപപ്പെട്ടിരിക്കുന്നു. ചെറുത്തുനിൽപിനെ അവഹേളിക്കുക മാത്രമല്ല, അതിൽ ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടുത്താനും അവർ ശ്രമിക്കുന്നു. ചെറുത്തുനിൽപ് പ്രസ്ഥാനങ്ങളുടെ വിശ്വാസ്യത തകർക്കുകയാണ് അതിന് സ്വീകരിക്കുന്ന രീതി. പിന്നെ അമേരിക്ക തന്ന ലിസ്റ്റ് പ്രകാരം, ചെറുത്തു നിൽക്കുന്നവരെയെല്ലാം തിന്മയുടെ അച്ചുതണ്ടിൽ വരവ് വെക്കുകയും ചെയ്യുന്നു.

ഇത്തരം ആരോപണങ്ങളുടെ യുക്തി ഇതാണ്: ഹിസ്ബുല്ല ഇത്ര വലിയ തിന്മയാണെങ്കിൽ, അവരെ അനുകൂലിക്കുന്നവരും അവരോട് അനുഭാവം പുലർത്തുന്നവരും ഇതുപോലെ തിന്മകൾ തന്നെ. ഹിസ്ബുല്ല ബൈറൂത്ത് കീഴടക്കിയതുപോലെ, ഈ അനുഭാവികളും സായുധ കലാപങ്ങൾ നടത്തും!

ചുരുക്കത്തിൽ, എതിരാളികളെ ജനാധിപത്യത്തിൽ വിശ്വാസമില്ലാത്ത മൗലികവാദികളാക്കി ചിത്രീകരിക്കുന്നതിന് ഒറ്റ ലക്ഷ്യമേയുള്ളൂ- മുഖാവമയുടെ മുനയൊടിക്കുക. ■